# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാർക്കായി വാണിജ്യ - വ്യവസായ സംരംഭങ്ങൾ</u>

7043 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലുള്ളവർ വാണിജ്യ-വ്യവസായ രംഗങ്ങളിൽ പിന്നോക്കാവസ്ഥയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) വ്യവസായ സംരംഭക പരിശീലനവും വാണിജ്യ-വ്യവസായ സംരംഭങ്ങൾക്കുവേണ്ടി വായ്പയും അനുവദിച്ച് പ്രസ്തുത വിഭാഗങ്ങളിലുള്ളവർക്ക് പ്രോത്സാഹനം നല്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

7044 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്;

(ബി) പട്ടികജാതി വിഭാഗത്തിന് സ്ഥലവും വീടും നൽകുന്ന പദ്ധതിയിൽ ലഭ്യമാക്കിയിരുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര വീതമാണ്; ഏത് കാലയളവ് മുതലാ.ണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

7045 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി

7046 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍
,, പി.കെ. ബഷീര്‍
,, മഞ്ഞളാംകുഴി അലി
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന മാര്‍ഗ്ഗവും മാനദണ്ഡവും സംബന്ധിച്ച വിശദവിവരം നല്‍കാമോ;

(ബി) ഈ പദ്ധതി പ്രകാരം സഹായം ലഭിക്കേണ്ടവരുടെ മുന്‍ഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കില്‍ ജില്ലാടിസ്ഥാനത്തില്‍ അവരുടെ കണക്ക് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി പ്രകാരം ഭൂമി നല്‍കി വീട് നിര്‍മ്മിക്കാന്‍ ധനസഹായം നല്‍കിയിട്ടും വീട് നിര്‍മ്മിക്കാതിരുന്നവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വീട് നിര്‍മ്മിക്കാതിരുന്നതിനുള്ള കാരണങ്ങള്‍ വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം നല്‍കാമോ;

(ഡി) ഭവന നിര്‍മ്മാണ ഏജന്‍സികള്‍ മുഖേന നടപ്പാക്കിയ ഭവനങ്ങളുടെ നിര്‍മ്മാണം പൂര്‍ത്തിയാകാതെ ശേഷിക്കുന്നുണ്ടോ; എങ്കില്‍ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഒന്നിലേറെ തവണ സഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുണ്ടെന്ന ആരോപണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് ഒരു സമഗ്ര അവലോകനം നടത്തുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ജാതി സർട്ടിഫിക്കറ്റിനുപകരം സ്മാർട്ട് കാർഡ് പദ്ധതി

7047 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഓരോ ആവശ്യങ്ങൾക്കും വെവ്വേറെ ജാതിസർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്മാർട്ട് കാർഡ് രൂപത്തിലുള്ള ജാതി സർട്ടിഫിക്കറ്റുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>എൻ. എസ്. എഫ്. ഡി. സി. പദ്ധതികൾ</u>

7048 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് എൻ. എസ്. എഫ്. ഡി. സി. യുടെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) കഴിഞ്ഞ സർക്കാർ നടപ്പാക്കിയ എൻ. എസ്. എഫ്. ഡി. സി. പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകയും, ഗുണഭോക്താക്കളുടെ വിവരങ്ങളും, പദ്ധതി തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സുകൾക്ക് പട്ടികജാതി വിദ്യാർത്ഥി കൾക്കായി സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിച്ച തുക</u>

7049 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇഞ്ചിനീയറിംഗ്, മെഡിസിൻ, ബി.എസ്.സി. നേഴ്സിംഗ് എന്നീ കോഴ്സുകൾക്ക് 2010-11 വർഷം സ്വാശ്രയ കോളേജുകളിൽ ചേർന്ന എത്ര പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി എത്ര കോടി രൂപ ഫീസിനത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾക്ക് അനുവദിച്ചു എന്നറിയിക്കാമോ;

(ബി) അതിന്റെ വിശദാംശം കോളേജ് തിരിച്ചും കോഴ്സ് തിരിച്ചും വ്യക്തമാക്കാമോ;

(സി) സ്വാശ്രയ സ്ഥാപനങ്ങളിൽ വിവിധ സെമസ്റ്ററുകളിലായി പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി കഴിഞ്ഞ അഞ്ചു വർഷം അനുവദിച്ച തുകയുടെ വിവരങ്ങൾ കോഴ്സ് തിരിച്ചും കോളേജ് തിരിച്ചും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

7050 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) തൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പയുടെ സബ്സിഡിയും ലോണും തമ്മിലുള്ള അനുപാതം എത്രയാണെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പരിവര്‍ത്തിത ക്രൈസ്തവ കോര്‍പ്പറേഷന്‍ - ക്ഷേമപ്രവര്‍ത്തനങ്ങള്‍</u>

7051 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരിവര്‍ത്തിത ക്രൈസ്തവ കോര്‍പ്പറേഷന്‍ വഴിയുള്ള ക്ഷേമ പ്രവര്‍ത്തനത്തിന് 2011-12 സാമ്പത്തിക വര്‍ഷത്തില്‍ എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(ബി) എന്തൊക്കെ ക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്കാണ് ഈ തുക വിനിയോഗിക്കുന്നത്;

(സി) കഴിഞ്ഞ സാമ്പത്തിക വര്‍ഷം വിവിധ ക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്ക് ഈ കോര്‍പ്പറേഷനിലൂടെ എന്ത് തുക ചെലവഴിച്ചു;

(ഡി) തുകയുടെ അപര്യാപ്തതമൂലം കഴിഞ്ഞ സാമ്പത്തിക വര്‍ഷം ഏതെങ്കിലും സഹായ പദ്ധതികള്‍ നടപ്പിലാക്കുവാന്‍ സാധിക്കാതിരുന്നിട്ടുണ്ടോ;

(ഇ) എങ്കില്‍ ഈ സാമ്പത്തിക വര്‍ഷം ഇത് പരിഹരിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ</u>

7052 ശ്രീ. സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് - ഗെയിംസ് രംഗങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അതിന്റെ പ്രയോജനം ലഭിക്കുന്നത് ;

(സി) അതിനായി നടത്തി വരുന്ന മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ</u>

7053 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയുടേയും വിശദാംശം വെളിപ്പെടുത്താമോ;

(ബി) ജീവനക്കാരുടെ അഭാവം മൂലം കൊയിലാണ്ടിയിലെ പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>സൗജന്യ സൈക്കിൾ പദ്ധതി ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും</u>

T 7054 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ടി സർക്കാർ അനുവദിച്ച സൗജന്യ സൈക്കിൾ പദ്ധതി ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആ നിവേദനത്തിലെ വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ലംപ്സം ഗ്രാന്റ്</u>

7055 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുട്ടികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ലംപ്സംഗ്രാന്റ് വാങ്ങുന്നതിനായി രക്ഷിതാക്കൾ തൊഴിൽ നഷ്ടപ്പെടുത്തി സ്കൂളിലെത്തേണ്ട അവസ്ഥ ഒഴിവാക്കാൻ ബാങ്കു വഴി നൽകുന്നകാര്യം ആലോചിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കർഷകശ്രീ പദ്ധതി</u>

7056 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കർഷകശ്രീ പദ്ധതിയിൽ വായ്പ ലഭ്യമാക്കുന്നതിന് വേണ്ട യോഗ്യതാ മാനദണ്ഡം എന്താണ്;

(ബി) കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാനത്ത് ഈ പദ്ധതി വഴി എത്ര തുക വായ്പയായി നൽകി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

സ്വാശ്രയ കോളേജു കോഴ്സുകൾക്കുള്ള ഫീസിളവ്

7057 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പിന്നോക്ക സമുദായ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, സ്വാശ്രയ കോളേജുകളിലെ അഡ്മിഷൻ സമയത്ത് ഫീസ് നൽകേണ്ടിവരുന്നതുകൊണ്ടുള്ള സാമ്പത്തിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കുടംബി സമുദായത്തിലെ വിദ്യാർത്ഥികൾക്കു ഫീസാനുകൂല്യം</u>

7058 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജിൽ പഠിക്കുന്ന കുടുംബി സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുന്നതിന് ഉത്തരവ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവ് എന്നുമുതലാണ് പ്രാബല്യത്തിലായതെന്ന് വ്യക്തമാക്കാമോ ;

(സി) ഫീസാനുകൂല്യം ലഭിക്കുവാൻ അർഹരാണെങ്കിൽ ഇതുവരെ ഒടുക്കിയ ഫീസ് തരിച്ചു നൽകുവാൻ നടപടിയെടുക്കുമോ ;

(ഡി) അതു സംബന്ധിച്ച് ഏതെങ്കിലും വിദ്യാർത്ഥികൾ പരാതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ബാലുശ്ശേരിയിൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രം</u>

7059

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ബാലുശ്ശേരിയിൽ പട്ടികജാതിക്കാർക്കായി ഉന്നത വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വിജ്ഞാൻവാടി കേന്ദ്രം</u>

7060 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിജ്ഞാൻവാടി കേന്ദ്രം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>'സൈബർ ശ്രീ' പദ്ധതി പ്രവർത്തനങ്ങൾ</u>

7061 ശ്രീ. എ. റ്റി. ജോർജ്
'' അൻവർ സാദത്ത്
'' പി. എ. മാധവൻ
'' ബെന്നി ബഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സൈബർ ശ്രീ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി വഴി നടപ്പാക്കുന്ന വിവര സാങ്കേതിക വിദ്യാ പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

മെസ്ഗേൾ തസ്തികയിലെ ഇന്റർവ്യൂ

7062 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 28.11.2007-ലെ 28777/ജി.3/06/തൊഴിൽ നമ്പർ സർക്കുലറിലെ ഇന്റർവ്യൂ സംബന്ധമായ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ, മുൻസർക്കാരിന്റെ കാലത്ത്, തിരുവനന്തപുരം പൂച്ചെടി വിളയിലെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ 'മെസ്ഗേൾ' തസ്തികയിലേക്ക് നടത്തിയ നിയമനം റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സർക്കുലറിലെ, ഇന്റർവ്യൂ സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പുറപ്പെടുവിച്ച അതേ ലിസ്റ്റിൽ നിന്ന് വീണ്ടും ഇന്റർവ്യൂ നടത്തി നിയമനം സുതാര്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മലയാറ്റൂര്‍ കിറ്റ്സ് ചാപ്റ്റര്‍</u>

7063 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടച്ചുപൂട്ടിയ അങ്കമാലി മലയാറ്റൂരിലെ അടച്ചുപൂട്ടിയ കിറ്റ്സ് ചാപ്റ്റര്‍ കെട്ടിടത്തിലെ വസ്തുവകകള്‍ മറ്റ് വികസന പ്രവര്‍ത്തനങ്ങള്‍ക്കായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരി കുറിച്ചി ഐ.ടി.സി യിൽ ആധുനിക കോഴ്സുകൾ</u>

7064 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കുറിച്ചി ഐ.ടി.സി യിൽ ആധുനിക കോഴ്സുകളുടെ അഭാവംമൂലം വിദ്യാർത്ഥികൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഐ.ടി.സി യിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പഠനം മുടങ്ങുന്നതു തടയാൻ നടപടി

7065 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര മോഡൽ പോളിടെക്നിക്കിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ് ലഭിക്കാത്തതും ഫീസടക്കാൻ ആവശ്യപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദരിദ്ര വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്നത് തടയാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ</u>

7066 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിലെ ജില്ലാ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജോലി ഭാരം ഏറെയുള്ള പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; ഒരേ സ്വഭാവമുള്ള ജോലി നിർവ്വഹിക്കുന്ന എസ്.സി.ഡി.ഒ. ഗ്രേഡ് 1, എസ്.സി.ഡി.ഒ. ഗ്രേഡ് 2, എന്നിവരുടെ ശമ്പളം ഏകീകരണത്തിന് നടപടി സ്വീകരിക്കുമോ;

(സി) വയനാട്ടിലേക്ക് മാറ്റിയ എസ്.സി.ഡി.ഒ. തസ്തിക മലപ്പുറത്തേക്ക്കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പട്ടികജാതി സങ്കേതങ്ങൾക്ക് സമീപമുള്ള വിദേശമദ്യ ബാറുകൾ</u>

7067 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പട്ടികജാതി സങ്കേതങ്ങൾക്ക് സമീപത്ത് വിദേശമദ്യ ബാറുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ നടപടിയെടുക്കാൻ പട്ടികജാതി പിന്നോക്കക്ഷേമ വകുപ്പിന് അധികാരമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഹെലികോപ്റ്റർ / സീ. പ്ലെയിൻ സർവ്വീസ്</u>

7068 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിൻ കീഴിൽ സർക്കാരിന്റെ ആഭിമുഖ്യത്തിലോ, സ്വകാര്യ സംരംഭകരുടെ സഹകരണത്തിലോ ഹെലികോപ്റ്റർ സർവ്വീസ്, സീ-പ്ലെയിൻ സർവ്വീസ് എന്നിവ ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ടൂറിസം പദ്ധതികളെക്കുറിച്ചുള്ള പഠനം

7069 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുളളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്;

(സി) അതു സംബന്ധിച്ചുളള സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ

7070 ശ്രീ. ജോസഫ് വാഴക്കൻ
'' വർക്കല കഹാർ
'' കെ. മുരളീധരൻ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണത്തിന് കൈകൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) 2005-ലെ കേരള ടൂറിസം ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം</u>

T 7071

ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ തദ്ദേശവാസികളുടെയും വന സംരക്ഷണ സമിതികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ടൂറിസം വകുപ്പിന്റെയും സ്വകാര്യവ്യക്തികളുടെയും സഹായത്തോടുകൂടി ടൂറിസം പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>എന്റെ ഗ്രാമം സൗഹൃദഗ്രാമം പദ്ധതി</u>

7072 ശ്രീ. എം.എ. വാഹീദ്
,, അൻവർ സാദത്ത്
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എന്റെ ഗ്രാമം സൗഹൃദഗ്രാമം' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രസ്തുത പദ്ധതി വഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവനും വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ടൂറിസം ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

7073

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, കെ. സുരേഷ് കുറുപ്പ്
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് ലഭ്യമാകുന്ന ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ടോ; അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം വ്യവസായം കാര്യക്ഷമമാക്കുന്നതിന് പുതിയ ടൂറിസം ഉല്പന്നങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വർഷം അതിനായുള്ള പുതിയ പദ്ധതികൾ വെളിപ്പെടുത്തുമോ;

(സി) ടൂറിസ്റ്റുകളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

വിനോദസഞ്ചാരികൾക്കുള്ള ഹോട്ടലുകളുടെ
ക്ലാസിഫിക്കേഷൻ

7074 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യത്തിനുള്ള താമസസൗകര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഹോട്ടലുകളുടെ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്നതായ ആക്ഷേപം ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനിടയാക്കിയ പുതിയ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ടൂറിസം കേന്ദ്രങ്ങളിലെ ഹോട്ടലുകൾക്ക് ബാർലൈസൻസ് നൽകുന്നത് സംബന്ധിച്ച് ടൂറിസം വകുപ്പിന്റെ എന്തെങ്കിലും നിർദ്ദേശം എക്സൈസ് വകുപ്പിന് നൽകിയിട്ടുണ്ടോ;

(ഡി) നിശ്ചിത ഡെസ്റ്റിനേഷുകളിൽ മാത്രമേ ബാർ ലൈസൻസ് അനുവദിച്ചാൽ മതിയെന്ന് വകുപ്പു നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡെസ്റ്റിനേഷനുകളിൽ; മാനദണ്ഡമെന്താണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രചാരണത്തിനുള്ളപുരസ്കാരങ്ങൾ</u>

T 7075 ശ്രീ. വി. ഡി. സതീശൻ
'' കെ. മുരളീധരൻ
'' ജോസഫ് വാഴക്കൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ വിജയത്തിനു വേണ്ടി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്;

(ബി) പ്രചാരണത്തിന് തനതു സംഭാവനകൾ നൽകുന്ന മാദ്ധ്യമങ്ങൾക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നൽകാനുദ്ദേശിക്കുന്ന പുരസ്കാരങ്ങൾ ഏതെല്ലാമാണ് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

വിനോദസഞ്ചാര പദ്ധതികളുടെ ഏകോപനം

7076 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി ടൂറിസം പദ്ധതികളുടെ ഏകോപനത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; അല്ലെങ്കിൽ എന്നത്തേക്ക് രൂപീകരിക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനോടനുബന്ധിച്ച് ടൂറിസം സംരംഭകരെ ഉൾപ്പെടുത്തി സംസ്ഥാന തല ഉപദേശകസമിതി രൂപീകരിക്കുന്ന കാര്യവും പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(സി) ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ടാസ്ക് ഫോഴ്സിന് രൂപം നൽകുമോ ; എങ്കിൽ ആരെയൊക്കെ ഉൾപ്പെടുത്തിയാകും ഇതിന് രൂപം നൽകുക ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ടൂറിസം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>

7077 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സഹായത്തോടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ടൂറിസവുമായി ബന്ധപ്പെടുത്തി ചാത്തന്നൂർ എൻ. എച്ച്. പറവൂർ വഴി വർക്കല റോഡ് നവീകരിക്കുന്നതിലേക്കായി നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ</u>

7078 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിനോദ സഞ്ചാര വകുപ്പ് ഏതെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കിയത് ;

(ബി) പ്രസ്തുത പരിപാടികൾ നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചത് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ പദ്ധതികൾ

7079 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ജി.എസ്. ജയലാൽ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഓരോ വർഷവും എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് ഏറ്റവും പ്രിയപ്പെട്ട ടൂറിസ്റ്റ് മേഖലകൾ ഏതെല്ലാം ; കൂടുതൽപേരെ ആകർഷിക്കുന്നതിന് ഈ മേഖലകളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പകർച്ചവ്യാധികൾ, ശുചീകരണമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ വിദേശ ടൂറിസ്റ്റുകളുടെ വരവിൽ കുറവു വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>വഴിയോര ഭക്ഷണശാലകളും ടോയ്‌ലെറ്റുകളും</u>

7080 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മപദ്ധതികൾ ആണ് ഉളളതെന്നു വ്യക്തമാക്കാമോ;

(ബി) ടൂറിസം കേന്ദ്രങ്ങളിൽ മിതമായ നിരക്കിലുളള ഗസറ്റ് ഹൗസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് വഴിയോര ഭക്ഷണ സറ്റാളുകളും ടോയ്‌ലെറ്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വഴിയോരം പദ്ധതി പ്രവർത്തനങ്ങൾ</u>

7081 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഴിയോരം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ ടൂറിസം</u>

7082 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കെ. ടി.ഡി.സി. യുടെ പങ്ക് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഉത്തരവാദിത്ത ടൂറിസം കാര്യക്ഷമമാക്കാൻ നടപടി</u>

7083 ശ്രീ. ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത വിനോദസഞ്ചാരം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അത് പ്രാദേശിക മേഖലയിലും സംസ്ഥാനത്തിനാകെയും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഡെസ്റ്റിനേഷൻ, എന്റർപ്രൈസ് എന്നീതലങ്ങളിൽ അത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

അതിരപ്പിള്ളി വാഴച്ചാല്‍ തുമ്പൂര്‍മൂഴി വിനോദസഞ്ചാര കേന്ദ്രം വികസനം

7084 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്തര്‍ദേശീയ പ്രാധാന്യം നേടിയ അതിരപ്പിള്ളി, വാഴച്ചാല്‍, തുമ്പൂര്‍മൂഴി ടൂറിസ്റ്റു കേന്ദ്രങ്ങളിലെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സര്‍ക്കാര്‍ കൈക്കൊണ്ടിട്ടുള്ളത് ;

(ബി) വികസന പ്രവര്‍ത്തനങ്ങള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മൂന്നാർ ടൂറിസം വികസനം</u>

7085 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എസ് രാജേന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ടൂറിസം മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള മുഖ്യ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇവ ഓരോന്നും എന്നത്തേക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ;

(ബി) മുൻ സർക്കാർ ഇതിനായി രൂപീകരിച്ച സംവിധാനം എന്താണ്; അതിലെ അംഗങ്ങൾ ആരൊക്കെയാണ്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ പ്രവർത്തനം</u>

7086 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഇൻഫ്രാക്സ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം ടൂറിസം മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) ഈ കമ്പനിയുടെ ആദ്യ രൂപമായ ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നു പുതിയ കമ്പനി രൂപീകരിച്ചതുകൊണ്ടുള്ള നേട്ടം വിശദമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വിദേശ വനിതകൾക്കു നേരെയുളള ആക്രമണം</u>

7087 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരത്തിനായി സംസ്ഥാനത്തെത്തുന്ന വിദേശ വനിതകൾക്ക് നേരെ അക്രമങ്ങൾ ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പുതുവൈപ്പ് ബീച്ച്</u>

7088 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഞ്ചാരികൾ എത്തുന്ന പുതുവൈപ്പ് ബീച്ചിനെ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബീച്ചിനെ മാർക്കറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വൈപ്പിന്‍ ബീച്ച് കായല്‍ ടൂറിസം പദ്ധതി</u>

7089 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ പ്രദേശത്ത് സഞ്ചാരികള്‍ എത്തുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അവര്‍ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) പ്രകൃതി ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് ഒരു സമഗ്ര ബീച്ച് - കായല്‍ ടൂറിസം പദ്ധതി ഇവിടെ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയില്‍ വിനോദസഞ്ചാരവകുപ്പിന്റെ പ്രവൃത്തികള്‍</u>

7090 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ വിദേനാസഞ്ചാര വകുപ്പിന്റെ കീഴില്‍ ഭരണാനുമതി നല്‍കിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂര്‍ത്തീകരിക്കാനുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവ ഏതെല്ലാം ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മാമ്പുഴയിൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സെന്റർ</u>

7091 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും, ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പൊന്നാനി ബിയ്യം കായൽ ടൂറിസം

7092 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ബിയ്യം കായൽ പ്രദേശം ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കാൻ നടപടി സ്വീകരിയ്ക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനിയിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ പദ്ധതിയുണ്ടോ ;

(സി) പൊന്നാനി അഴിമുഖം മുതൽ ചമ്രവട്ടം റഗുലേറ്റർ ബ്രിഡ്ജ് വരെയുള്ള കർമ്മറോഡ്, ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

(ഡി) എങ്കിൽ അതിന്റെ പ്രോജക്ട് ഉടൻ തയ്യാറാക്കുമോയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ആലത്തൂർ മംഗലം ഡാം ടൂറിസം ഡെസ്റ്റിനേഷൻ കൗൺസിൽ യോഗം</u>

7093 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം ടൂറിസം ഡെസ്റ്റിനേഷൻ മാനേജമെന്റ് കൗൺസിൽ ഇതുവരെ യോഗം കൂടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കൗൺസിൽ യോഗം കൂടാത്തതിനാൽ നടന്നുവന്നിരുന്ന പ്രവർത്തനങ്ങളാകെ നിർത്തിവെച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കൗൺസിൽ അടിയന്തിരമായി യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി - കടപ്പുറം ടൂറിസം പദ്ധതി</u>

7094 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി- സ്പിൽവേ- കടപ്പുറം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അമ്പലപ്പുഴ എം.എൽ.എ ഇതു സംബന്ധിച്ച് നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ ഇതു സംബന്ധിച്ച പ്രമേയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഈ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുവാൻ ഒരു ഉന്നത തല യോഗം വിളിക്കുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഡി. റ്റി. പി. സി. യിലെ ജീവനക്കാർ</u>

7095 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി. റ്റി. പി. സി. യിൽ ആകെ എത്ര സ്ഥിരം, താൽകാലികം, കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർ എത്രവർഷമായി ജോലി ചെയ്തുവരുന്നുണ്ട്; പേരും വർഷവും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ; ഇവരിൽ സ്ത്രീകളും പട്ടികജാതിക്കാരും എത്രപേർ വീതമെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥിര ജീവനക്കാരായി നിയമിക്കപ്പെട്ടവരിൽ എത്രപേർ പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) സ്ഥിരം ജീവനക്കാർക്ക് കെ. എസ്. ആർ. ബാധകമാണോ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ചടയമംഗലം ജഡായു ഫെസ്റ്റ് 2012</u>

7096 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ജഡായുപാറടൂറിസം പദ്ധതിയുടെ ഭാഗമായി 2011-2012 വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) 2012 ൽ ജഡായു ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ടൂറിസം ലൈഫ് ഗാർഡുകളെ സ്ഥിരപ്പെടുത്താൻ നടപടി</u>

7097 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1986 മുതൽ ടൂറിസം ലൈഫ് ഗാർഡുകളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) അപകടകരമായ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

അതിഥി മന്ദിരത്തിലെ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തിക

7098 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗസ്റ്റ് ഹൗസുകളിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിലേക്കുള്ള നിയമന രീതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയ്ക്കുള്ള യോഗ്യത എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര ഒഴിവുകളാണ് പ്രസ്തുത തസ്തികയിൽ നിലവിലുള്ളതെന്നും അവ പി. എസ്. സി.യ്ക്ക് റിപ്പാർട്ട് ചെയ്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷനിലോ ദിവസവേതനാടിസ്ഥാനത്തിലോ ജോലിനോക്കുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 24.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.